# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2417 05.11.2019- ൽ മറുപടിക്ക്

## ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരെ പരിപോഷിപ്പിക്കുന്നതിനും വിപണി കണ്ടെത്തുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) & ബി) | കേരളത്തിലെ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരെ പരിപോഷിപ്പിക്കുന്നതിനും വാണിജ്യ മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനും, സംസ്ഥാനത്തിലെ തനതായ ഉല്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതും തുടങ്ങി വിവിധ ലക്ഷ്യങ്ങളെ മുൻനിർത്തി വാണിജ്യ മിഷന് സർക്കാർ രൂപം നല്കിയിട്ടുണ്ട്.<br>വാണിജ്യ മിഷന്റെ പ്രവർത്തനം / ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.<br>2. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തു നിന്നും സംരംഭക പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.<br>3. കേരളത്തിലെ നിക്ഷേപകരെ ദേശീയ അന്തർദേശീയ മേളകളിലും സമ്മേളനങ്ങളിലും പങ്കെടുപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക.<br>4. ദേശീയ - അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉത്പന്നങ്ങൾ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.<br>5. ഭക്ഷ്യ സംസ്കരണം, കൈത്തറി, വസ്ത്രം, കരകൌശല സാധനങ്ങൾ, തടി ഫർണിച്ചർ, ബാംബൂ ഉത്പന്നങ്ങൾ, കേരള സോപ്പ് എന്നിവയുടെ വിപണനം പ്രമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിനും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.<br>6. പ്രോജക്റ്റ് കൺസൾട്ടൻസി തുടങ്ങുക.<br><br>നിലവിൽ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും സൂക്ഷ്മ ഇടത്തരം വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് പ്രദർശന വിൽപ്പന മേളകൾ സംഘടിപ്പിച്ച് വരുന്നു. സംസ്ഥാനത്തിന് പുറത്തുള്ള മേളകളിൽ പങ്കെടുക്കുന്നതിന് സഹായം നൽകി വരുന്നു. |
| ബി) | കേരളത്തിലെ എം.എസ്.എം.ഇ, പൊതുമേഖല, കുടുംബശ്രീ തുടങ്ങിയ മേഖലയിലുള്ളവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി കണ്ടെത്തുവാൻ വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ പ്രവർത്തനം വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| സി) | 2018-ലെ മഹാപ്രളയത്തിലും 2019-ലെ പേമാരിയിലും നാശനഷ്ടം സംഭവിച്ച ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് സർക്കാർ ഇതിനകം നൽകിയത് എന്നറിയിക്കാമോ | സി) | പ്രളയവുമായി ബന്ധപ്പെട്ട് വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തിരം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ 5355 MSME യൂണിറ്റുകൾക്ക് എകദേശം 1415.57 കോടി രൂപയുടേയും 16061 ഷോപ്പുകൾക്ക് 624.90 കോടി രൂപയുടേയും നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.<br><br>17/12/2018 ലെ സ.ഉ (കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018 -ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.<br><br>സർക്കാർ പ്രഖ്യാപിച്ച **'ഉജ്ജീവന'** പദ്ധതി പ്രകാരമുള്ള ആനുകൂല്യം വ്യവസായ വകുപ്പിന്റെ സർവ്വേയിൽ ഉൾപ്പെട്ട യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരും സ്വീകരിക്കുകയും അപേക്ഷകൾ ബാങ്കുകൾക്ക് ശുപാർശ ചെയ്യുകയും ചെയ്തുവരുന്നുണ്ട്.<br><br>1. സർവ്വേയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് അതാത് ലീഡ് ബാങ്ക് മാനേജർ മുഖാന്തിരം ജില്ലാ തല ബാങ്കേഴ്സ് സമിതിയ്ക്ക് നൽകുന്നതിന് ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിരുന്നു .<br><br>2. പ്രളയബാധിത ജില്ലകളിലെ ലീഡ് ബാങ്ക് മാനേജർ, വ്യാപാരി വ്യവസായ പ്രതിനിധികൾ, KSSIA ,പ്രളയ ബാധിത യൂണിറ്റുകളുടെ പ്രതിനിധികൾ എന്നിവരുടെ ഒന്നിലധികം യോഗങ്ങൾ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ അദ്ധ്യക്ഷതയിൽ ചേരുകയും ഉജ്ജീവന പദ്ധതി വിശദീകരിക്കുകയും അപേക്ഷകൾ ബാങ്കുകളിലേക്ക് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2019-20-ൽ നടപ്പിലാക്കി വരുന്ന വ്യവസായ വകുപ്പിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ.<br>• പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതി)<br>• പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതി). |

**സെക്ഷൻ ഓഫീസർ**